ഐ.സി6-822/2022

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
ജലസേചനവും ഭരണവും
തിരുവനന്തപുരം
തീയതി – 22 /12/2023

# നോട്ടീസ്

വിഷയം – ജലസേചനം- ജീവനക്കാര്യം-ശ്രീ.ഹാരിഷ്.കെ, അസിസ്റ്റന്റ് എഞ്ചിനീയറുടെ പേര് 2/2/16 മുതൽ 31/12/2020 വരെയുള്ള അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ അന്തിമ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്

സൂചന – 1) 04/08/2023 തീയതിയിലെ ഈ കാര്യാലയത്തിലെ ഇതേ നമ്പർ ഉത്തരവ്.
2) തിരുവനന്തപുരം ഇറിഗേഷൻ സൗത്ത് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ 21/08/23 ലെ ഇബി1-4417/2021/SE/ISC നമ്പർ കത്ത്.
3) കടുത്തുരുത്തി ഇറിഗേഷൻ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 20/11/23 ലെ എ2/617/2018 നമ്പർ കത്ത്.

വൈക്കം ഇറിഗേഷൻ സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയറായ ശ്രീ.ഹാരിഷ്.കെ.യുടെ പേര് സൂചന(1) പ്രകാരം പ്രസിദ്ധീകരിച്ച അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ 2/2/16 മുതൽ 31/12/2020 വരെയുള്ള അന്തിമ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി സൂചന (2)(3) എന്നിവ പ്രകാരം അപേക്ഷയും അനുബന്ധ രേഖകളും സമർപ്പിച്ചിട്ടുണ്ട്. ആയവ പരിശോധിച്ചതിൽ നിന്നും ടിയാന്റെ പേര് മേൽ പരാമർശിച്ച അന്തിമ മുൻഗണനാപട്ടികയിൽ B.Diploma Holder വിഭാഗത്തിൽ ക്രമ നമ്പർ 25 ആയ ശ്രീമതി.സിന്ധു.കെ.യു. നും ക്രമ നമ്പർ 26 ആയ ശ്രീ.മുജീബ് റഹ്മാനും മദ്ധ്യേ ക്രമ നമ്പർ 25 A ആയി ഉൾപ്പെടുത്തി ഉത്തരവാകുന്നതാണ്.

ഇതിൻമേൽ ഏതെങ്കിലും തരത്തിലുള്ള പരാതിയോ ആക്ഷേപമോ ഉള്ളവർ വസ്തുത തെളിയിക്കുവാനാവശ്യമായ സാക്ഷ്യപ്പെടുത്തിയ രേഖകൾ സഹിതം ഈ നോട്ടീസ് വെബ സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ 15 ദിവസത്തിനകം ഈ കാര്യാലയത്തിൽ ഹാജരാക്കേണ്ടതാണ്. പ്രസ്തുത തീയതിക്കുള്ളിൽ പരാതികൾ ഒന്നും തന്നെ ലഭിച്ചില്ല എങ്കിൽ ശ്രീ.ഹാരിഷ്.കെ.യുടെ പേര് മേൽ പറഞ്ഞ അന്തിമ മുൻഗണാപട്ടികയിൽ ഉൾപ്പെടുത്തി ഉത്തരവാകുന്നതാണ്.

ചീഫ് എഞ്ചിനീയർ
(പൂർണ്ണ അധിക ചുമതല)

ശ്രീ.ഹാരിഷ്.കെ
അസിസ്റ്റന്റ് എഞ്ചിനീയർ
(ഓഫീസ് മേലധികാരി മുഖേന)

(മറുപുറം)

പകർപ്പ്:

✓ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഐ.ടി. സെൽ, ഇറിഗേഷൻ. (നോട്ടീസ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)